REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ഇന്ന്  പ്രസിദ്ധീകരിക്കും.**
- **രാജ്യത്തെ ഇൻഫ്ലുവൻസ നിയന്ത്രണത്തിന് കേന്ദ്രവും സംസ്ഥാനങ്ങളും ഏകോപനത്തോടെയും ഒറ്റക്കെട്ടായും ശ്രമം ആരംഭിക്കണമെന്ന് കേന്ദ്രമന്ത്രി JP നദ്ദ.**
- **അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO നാളെ രാവിലെ വിക്ഷേപിക്കും.**
- **തങ്ക അങ്കിരഥഘോഷയാത്ര അല്പസമയത്തിനകം ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് സന്നിധാനത്തേയ്ക്ക് യാത്ര തിരിക്കും.**
- **ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റിലെ രണ്ടാം മത്സരം വൈകിട്ട് വിശാഖപട്ടണത്ത് ആരംഭിക്കും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ഇന്ന്  പ്രസിദ്ധീകരിക്കും. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായാണ് പട്ടിക തയ്യാറാക്കുന്നത്. പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ അടുത്തമാസം 22 വരെ  voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. 1950 എന്ന നമ്പറും, തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റും ഇതിനായി ഉപയോഗപ്പെടുത്താം.  അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും.

വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ ഡോ. രത്തൻ U കേൽക്കർ പറഞ്ഞു. കേരളത്തോടൊപ്പം മധ്യപ്രദേശിലേയും ഛത്തീസ്ഗഡിലേയും ആൻഡമാൻ നിക്കോബാർ ദ്വീപിലെയും കരട് വോട്ടർ പട്ടികയും തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും.

✪✪✪

രാജ്യത്തെ ഇൻഫ്ലുവൻസ നിയന്ത്രണത്തിന് കേന്ദ്രവും സംസ്ഥാനങ്ങളും ഏകോപനത്തോടെയും ഒറ്റക്കെട്ടായും ശ്രമം ആരംഭിക്കണമെന്ന് കേന്ദ്രമന്ത്രി JP നദ്ദ ആവശ്യപ്പെട്ടു. രോഗം കൂടുതലായി വ്യാപിക്കുന്ന സീസണാണ് വരാനിരിക്കുന്നതെന്ന് ന്യൂഡൽഹിയിൽ ആരംഭിച്ച രണ്ട് ദിവസത്തെ ചിന്തൻ ശിവിറിനെ ഓൺലൈനായി അഭിസംബോധന ചെയ്ത നദ്ദ പറഞ്ഞു. ആവർത്തിച്ചുണ്ടാകുന്ന ഫ്ലൂ ആരോഗ്യ പ്രശ്നങ്ങൾക്കും മരണത്തിനും വരെ കാരണമാകുന്നുണ്ട്. ഈ സാഹചര്യം സമഗ്ര-രോഗ-നിരീക്ഷണ പരിപാടിയിൽ കൃത്യമായി അവലോകനം ചെയ്ത് വരികയാണെന്നും JP നദ്ദ അറിയിച്ചു.

✪✪✪

ലോകത്തെ ഏറ്റവും വിപുലമായ ആരോഗ്യ ഇൻഷുറൻസ് ആയുഷ്മാൻ ഭാരത് PMJAY പദ്ധതിയിൽ 62 കോടിയിൽപരം ആളുകൾക്ക് പരിരക്ഷ നൽകാൻ നരേന്ദ്രമോദി ഗവൺമെന്റിന് സാധിച്ചതായി കേന്ദ്രസഹമന്ത്രി അനുപ്രിയ പട്ടേൽ പറഞ്ഞു. പ്രധാൻമന്ത്രി ജൻ ഔഷധി പരിയോജന, അമൃത് ഫാർമസ്യൂട്ടിക്കൽസ് എന്നിവ കുറഞ്ഞ ചെലവിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും സാധാരണക്കാരിലെത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നും അവർ പറഞ്ഞു. രാജ്യത്തെ മെഡിക്കൽ കോളജുകളുടെ എണ്ണം 800ലേറെയാക്കി. MBBS - PG സീറ്റുകളുടെ എണ്ണം ഇരട്ടിയിലേറെയാക്കാനും ഗവൺമെന്റിന് കഴിഞ്ഞു. ഡൽഹി വർദ്ധമാൻ മഹാവീർ മെഡിക്കൽ കോളജിലേയും, സഫ്ദർ ജംഗ് ആശുപത്രിയിലേയും ഏഴാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അനുപ്രിയ പട്ടേൽ.

✪✪✪

ഗോവ ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ 50 സീറ്റുകളിൽ 30 ലേറെ സീറ്റുകൾ കരസ്ഥമാക്കി BJP-MGP മുന്നണി വ്യക്തമായ ഭൂരിപക്ഷംനേടി. കോൺഗ്രസ് 10 സീറ്റിലും AAP യും RGP യും ഓരോ സീറ്റിലും വിജയിച്ചു. നാല് കക്ഷിരഹിത സ്ഥാനാർത്ഥികളും വിജയം നേടി.

BJP മുന്നണിയ്ക്ക് ശക്തമായ പിന്തുണ നൽകിയതിന് ഗോവയിലെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി പറഞ്ഞു. സംസ്ഥാനത്തെ

ജനങ്ങളുടെ സ്വപ്നങ്ങളും അഭിലാഷങ്ങളും ഉയർത്താൻ NDA പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

വിജയത്തിൽ ഗോവ മുഖ്യമന്ത്രി ഡോ. പ്രമോദ് സാവന്തിനെയും പാർട്ടി സംസ്ഥാന പ്രസിഡന്റ് ദാമോദർ നായിക്കിനെയും ആഭ്യന്തര മന്ത്രി അമിത് ഷാ, അഭിനന്ദിച്ചു. BJP മുന്നണിയിൽ വിശ്വാസം അർപ്പിച്ചതിന് ഗോവയിലെ ജനങ്ങളെ BJP അധ്യക്ഷൻ JP നദ്ദയും അഭിനന്ദനം അറിയിച്ചു.

✪✪✪

അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO നാളെ രാവിലെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ രാവിലെ 8.54നാണ് വിക്ഷേപണം നിശ്ചയിച്ചിരിക്കുന്നത്. ISRO വിക്ഷേപിക്കുന്ന ഏറ്റവും ഭാരമേറിയ വാണിജ്യ ഉപഗ്രഹമാണിത്. LVM-3 M6 റോക്കറ്റ് ഉപയോഗിച്ച് ഉപഗ്രഹത്തെ ലിയോ ഭ്രമണപഥത്തിൽ എത്തിക്കും. മൊബൈൽ ഫോണുകളിലേക്ക് പ്രത്യേക ഹാർഡ് വെയർ സഹായമില്ലാതെ നേരിട്ട് ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്ന ഉപഗ്രഹമാണ് ഇത്.

✪✪✪

2025-26 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ രാജ്യം ഉയർന്ന സാമ്പത്തിക വളർച്ച കൈവരിച്ചതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ചു. ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ ആറ് പാദങ്ങളിലെ ഏറ്റവും ഉയർന്ന വളർച്ചയായ 8.2 ശതമാനത്തിലെത്തി. മുൻ പാദത്തിൽ ഇത് 7.8 ശതമാനമായിരുന്നു.

✪✪✪

ഇന്ന് ദേശീയ കർഷക ദിനം. മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിങ്ങിന്റെ ജന്മദിനമാണ് കർഷക ദിനമായി ആഘോഷിക്കുന്നത്. സമ്പദ്‌വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്ന കർഷകരുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം വർദ്ധിപ്പിക്കാനും, അവരെ ആദരിക്കാനും, കാർഷിക സംഭാവനകൾ അംഗീകരിക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം. കൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് ആധുനിക കാർഷിക പരിജ്ഞാനം നൽകുന്നതിന് രാജ്യവ്യാപകമായി കാമ്പെയ്നുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

തങ്ക അങ്കിരഥഘോഷയാത്ര അല്പസമയത്തിനകം ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് സന്നിധാനത്തേയ്ക്ക് യാത്ര തിരിക്കും. തങ്കയങ്കി കണ്ടുതൊഴാൻ ആറന്മുളയിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ..

........വോയ്സ്........

രാവിലെ ഏഴുവരെയാണ് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ കൊടിമരച്ചുവട്ടിൽ പ്രത്യേകമൊരുക്കിയ സ്ഥലത്ത് ഭക്തർക്ക് തങ്കയങ്കിദർശനം ഒരുക്കിയിട്ടുള്ളത്. തങ്കയങ്കി കണ്ടുതൊഴാൻ വലിയ ഭക്തജനത്തിരക്കാണ് ആറന്മുളയിൽ രാവിലെ അഞ്ചു അനുഭവപ്പെടുന്നുണ്ട്. രാവിലെ ഏഴിനാണ് തങ്കയങ്കിയും വഹിച്ചുകൊണ്ടുള്ള രഥഘോഷയാത്ര സന്നിധാനത്തേയ്ക്ക് തിരിക്കുക.അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്തുന്നതിനു തിരുവിതാംകൂർ മഹാരാജാവ് ചിത്തിര തിരുനാൾ ബാലരാമവർമ 1973-ൽ ശബരിമലയിൽ സമർപ്പിച്ചതാണ് തങ്ക അങ്കി.

സായുധപോലീസ് ഉൾപ്പെടെയുള്ള സുരക്ഷാ സന്നാഹങ്ങളോടെയാണ് തങ്കയങ്കിഘോഷയാത്ര. ഇന്നു രാത്രി ഓമല്ലൂർ ശ്രീരക്തകണ്ഠസ്വാമി ക്ഷേത്രത്തിലും നാളെ കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലും 25ന് പെരുനാട് ശാസ്താ ക്ഷേത്രത്തിലും രാത്രി വിശ്രമം നടത്തുന്ന തങ്കയങ്കി ഘോഷയാത്ര മൂന്നു ദിവസങ്ങിലായി 76 സ്വീകരണഇടങ്ങൾ പിന്നിട്ടാണ് 26ന് വൈകിട്ട് സന്നിധാനത്തെത്തുക. അന്ന് വൈകിട്ട് 6.30ന് തങ്കയങ്കിചാർത്തി സന്നിധാനത്ത് ദീപാരാധന നടക്കും. 27 ന് രാവിലെ10.10 നും 11.30 നും ഇടയിൽ മണ്ഡല പൂജയും നടക്കും.

✪✪✪

ദേശീയപാത 66 ന്റെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മന്ത്രി PA മുഹമ്മദ് റിയാസ് ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകി. ദേശീയപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ കോഴിക്കോട് കളക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

നിലമ്പൂർ ബൈപാസിന്റെ രണ്ടാംഘട്ടത്തിന് 159 പേരിൽനിന്ന് 11 ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിന് 55 കോടി രൂപ അനുവദിച്ച് ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഒരുമാസത്തെ നോട്ടീസ് കാലത്തിന് ശേഷം ഭൂരേഖകൾ ഹാജരാക്കുന്ന മുറക്ക് നഷ്ടപരിഹാരം വിതരണം ചെയ്യും. സംസ്ഥാന പാതയായ KNG റോഡ് ജ്യോതിപ്പടി മുതൽ ചക്കാലക്കുത്തു വരെ രണ്ടര കിലോമീറ്ററോളം ദൂരത്തെ പ്രവൃത്തിക്കാണ് അനുമതി ലഭിച്ചത്.

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ അഞ്ചാം സീസൺ ഈ മാസം 26ന് ആരംഭിക്കും. 28 വരെ നീളുന്ന ഫെസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ വെള്ളിയാഴ്ച ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

മേളയിലെ ഭക്ഷ്യമേള ക്രിസ്മസ് ദിനത്തിലാരംഭിക്കും. ഫെസ്റ്റിന് മുന്നോടിയായി 25ന് കോഴിക്കോട് നിന്ന് ബേപ്പൂരിലേക്ക് സൈക്കിൾ റാലിയും 28-ന് ചാലിയത്തുനിന്ന് ബേപ്പൂരിലേക്ക് മാരത്തോണും സംഘടിപ്പിക്കും.

പ്രധാന ആകർഷമായ കൈറ്റ് ഫെസ്റ്റിവലിൽ ഇത്തവ അഞ്ച് രാജ്യങ്ങളിലെയും 15 സംസ്ഥാനങ്ങളിലെയും ടീമുകൾ മത്സരിക്കും.

✪✪✪

കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് എല്ലായിടത്തും BJPക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചതായി സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. പഞ്ചായത്തുകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും നഗരസഭകളിലേയും വാർഡുകളിൽ BJPക്ക് സീറ്റുകൾ വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം കണ്ണൂരിൽ സംസ്ഥാനതല നേതൃയോഗത്തിനുശേഷം മാധ്യമങ്ങളെ അറിയിച്ചു. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് BJP ക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഇടുക്കിയിലെ വാഗമണ്ണും പരിസരങ്ങളും ലഹരി മാഫിയയുടെ പിടിയിലേക്ക് നീങ്ങുകയാണ്. ക്രിസ്മസ്-പുതുവത്സര ആഘോഷവേളയിൽ മേഖലയിലേക്ക് വൻതോതിൽ ലഹരിമരുന്ന് എത്താൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണൻ...

........വോയ്സ്.......

നിത്യേന ആയിരക്കണക്കിന് വിനോദ സഞ്ചാരികളെത്തുന്ന വാഗമണ്ണും പരിസരങ്ങളും ലഹരിസംഘങ്ങളുടെ താവളമായി മാറുകയാണ്. ഈരാറ്റുപേട്ട, കാഞ്ഞാർ, ഏലപ്പാറ, ഉപ്പുതറ എന്നിവിടങ്ങളിൽ നിന്നുള്ള നാല് പ്രധാന വഴികളാണ് ഇവിടേക്കുള്ളത്. എന്നാൽ ഈ വഴികളിലൊന്നും കാര്യമായ വാഹനപരിശോധന ഇല്ലാത്തത് ലഹരിസംഘങ്ങൾക്ക് തുണയായി മാറുന്നുണ്ട്. ബാംഗ്ലൂർ ഉൾപ്പെടെയുള്ള നഗരങ്ങളിൽ നിന്നും മാരകമായ സിന്തറ്റിക് ഡ്രഗ്സുകൾ ഉൾപ്പെടെയുള്ളവ കൊണ്ടുവരുന്നതായാണ് ഇതിനോടകം പിടിയിലാവരിൽ നിന്ന് പോലീസിനും എക്സൈസിനും ലഭിച്ച സൂചന.

ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങൾക്കായി വാഗമൺ കേന്ദ്രീകരിച്ച് വൻതോതിൽ ലഹരി എത്തിക്കാൻ സാധ്യതയുണ്ടെന്ന രഹസ്യാന്വേഷണ റിപ്പോർട്ടുകളുമുണ്ട്.

സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ ആകെ 35 പോലീസുകാർ മാത്രമുള്ള വാഗമൺ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പ്രതിസന്ധിയിലാണ്.

സ്ഥിരമായി എസ്.ഐ പോസ്റ്റ് ഇല്ലാത്തതിനാൽ മറ്റ് സ്റ്റേഷനുകളിൽ നിന്ന് അറ്റാച്ച് ചെയ്തിരിക്കുകയാണ്. ദൈനംദിന ജോലിക്ക് ഒപ്പം കോടതി ഡ്യൂട്ടി, ടൂറിസം കേന്ദ്രങ്ങളിലെ തിരക്ക് നിയന്ത്രിക്കൽ എന്നിവയ്ക്കേ പോലീസുകാർ തികയൂ. ഇത് നൈറ്റ് പട്രോളിങ്ങിനെയും ലഹരി വിരുദ്ധ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നു. ടൂറിസം പോലീസിന്റെ സേവനവും ഇവിടെ ലഭ്യമല്ല. പീരുമേട് എക്സൈസ് ഓഫീസിന്റെ പരിധിയിലായതിനാൽ ദൂരക്കൂടുതൽ കാരണം എക്സൈസ് പരിശോധനയും നാമമാത്രമാണ്.

തമിഴ്നാട്ടിൽ നിന്ന് കുമളി വഴി എത്തുന്ന ലഹരി കടത്ത് സംഘങ്ങൾ പരിശോധന കുറഞ്ഞ ഊടുവഴികളാണ് ഉപയോഗിക്കുന്നത്.

✪✪✪

ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരികരിച്ചു. കേന്ദ്ര മൃഗ സംരക്ഷണ മന്ത്രാലയം സംസ്ഥാനഗവൺമെന്റിനെ അറിയിച്ചതാണിത്. ആലപ്പുഴയിൽ നെടുമുടി , കരുവാറ്റ കാർത്തികപ്പള്ളി, തകഴി, പുറക്കാട് എന്നിവിടങ്ങളിലും  കോട്ടയത്ത് കുറുപ്പന്തറ, മാഞ്ഞൂർ, കല്ലൂപുരയ്ക്കൽ ,വെള്ളൂർ എന്നിവിടങ്ങളിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റിലെ രണ്ടാം മത്സരം വൈകിട്ട് വിശാഖപട്ടണത്ത് ആരംഭിക്കും. ശേഷിക്കുന്ന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്താണ്. ആദ്യ മത്സരം ജയിച്ച് ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ മുന്നിട്ട് നിൽക്കുകയാണ്.

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബല ക്ഷയം പരിശോധിക്കാൻ വെള്ളത്തിനടിയിലെ റിമോട്ട് ഓപ്പറേറ്റഡ് വെഹിക്കിൾ പരിശോധന ഇന്ന് തുടങ്ങും. അണക്കെട്ട് സംബന്ധിച്ച്, പ്രധാന വിവരങ്ങൾ ROV പരിശോധനയിൽ കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷ.

✪✪✪

പാലക്കാട് വാളയാറിൽ ആൾക്കൂട്ട ആക്രമണത്തിൽ മരിച്ച രാം നാരായണൻ ബഗേലിന്റെ മൃതദേഹം വിമാനത്തിൽ റായ്പൂരിലെത്തിക്കാൻ നടപടിയെടുത്തതായി തൃശൂർ ജില്ലാ കലക്ടർ അർജ്ജുൻ പാണ്ഡ്യൻ അറിയിച്ചു. രാവിലെ കൊച്ചിയിൽ നിന്ന് മൃതദേഹത്തോടൊപ്പം ബന്ധുക്കളെയും വിമാനത്തിൽ നാട്ടിലേക്ക് അയക്കും.

✪✪✪

കൊണ്ടോട്ടിയിൽ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ ഈ വർഷത്തെ വൈദ്യർ മഹോത്സവം ഇന്ന് ആരംഭിക്കും. ഈ മാസം 28 വരെയാണു വൈദ്യർ മഹോത്സവം.

✪✪✪

പെരിന്തൽമണ്ണയിൽ മുസ്ലിം ലീഗ് ഓഫീസിന് നേരെയുണ്ടായ ആക്രമണത്തിൽ അഞ്ച് CPIM പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു. 14 പേർക്കെതിരെയാണ് ലീഗ് പരാതി നൽകിയത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:, സബിത കെ*
*DEO : സി കെ സുബോധ്*